# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2480 — 05.02.2018- ൽ മറുപടിയ്ക്ക്

## സഹകരണമേഖല കാര്യക്ഷമമാക്കുന്നതിന് സമഗ്രനയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ഡി. സതീശൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സഹകരണമേഖല കാര്യക്ഷമമാക്കുന്നതിന് ഒരു സമഗ്രനയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) 2018 ഫെബ്രുവരി 10,11,12 തീയതികളിൽ കണ്ണൂരിൽ വച്ച് നടക്കുന്ന 8-ാമത് സഹകരണ കോൺഗ്രസ്സിൽ സംസ്ഥാനത്തിനായി ഒരു സമഗ്ര സഹകരണ നയം രൂപീകരിക്കുന്നത് സംബന്ധിച്ച് വിലയിരുത്തുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) ഈ സർക്കാർ നിലവിൽ വന്നശേഷം നടത്തിയ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ വിജയപ്രദമായിരുന്നോയെന്ന് വെളിപ്പെടുത്താമോ;<br><br>(സി) ഉദ്ദേശിച്ച ലക്ഷ്യം നേടുന്നതിന് കഴിഞ്ഞില്ലായെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) യും (സി) യും ഈ സർക്കാർ നിലവിൽ വന്ന ശേഷം സഹകരണമേഖലാ സംരക്ഷണ ക്യാമ്പയിനിന്റെ ഭാഗമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണയജ്ഞം നടപ്പിലാക്കിയിരുന്നു. ഈ നിക്ഷേപ സമാഹരണ യജ്ഞത്തിന് ടാർജറ്റ് നിശ്ചയിച്ചിരുന്നില്ല. കേന്ദ്ര സർക്കാർ 500, 1000 രൂപ നോട്ടുകൾ അസാധുവാക്കിയത് മുഖേന സഹകരണ മേഖല പ്രതിസന്ധി നേരിട്ട കാലയളവിൽ നടന്ന ഈ നിക്ഷേപ സമാഹരണ യജ്ഞത്തിൽ 31,937.02 കോടി രൂപ സമാഹരിച്ചിരുന്നു. എന്നാൽ സമാഹരിച്ചതിനേക്കാൾ കൂടുതൽ തുക പിൻവലിക്കപ്പെട്ടതിനാൽ അറ്റനിക്ഷേപത്തിൽ സംസ്ഥാനത്ത് ആകെ 6,386.18 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ആയ്തിനാൽ ഈ നിക്ഷേപ സമാഹരണ യജ്ഞം പരാജയപ്പെട്ടു എന്ന് വിലയിരുത്താനാവില്ല. 2018 ജനുവരി 10 മുതൽ ഫെബ്രുവരി 9 വരെ 38-ാമത് നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ പുരോഗതി 09.02.2018 ന് ശേഷം മാത്രമേ വിലയിരുത്താനാകൂ. |

| | |
|---|---|
| (ഡി) നിക്ഷേപ സമാഹരണത്തിലൂടെ സഹകരണമേഖല സമാഹരിക്കുന്ന തുക നിക്ഷേപകരുടെ പൊതു താൽപര്യം സംരക്ഷിക്കുന്നതിന് ഉപയോഗിക്കാതെ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് വിനിയോഗിക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) നിക്ഷേപ സമാഹരണത്തിലൂടെ സഹകരണ മേഖല സ്വരൂപിക്കുന്ന തുക സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് വിനിയോഗിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**